(4) റബ്ബർഉരുളൻ തടി കേരളത്തിനു പുറത്തേയ്ക്ക് കൊണ്ടു പോകാനാകാത്തതുകൊണ്ട് റബ്ബർ കൃഷിക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. പി. സി. ജോർജ് : സർ, കേരളത്തിലെ 10 ലക്ഷത്തോളം വരുന്ന റബ്ബർ കൃഷിക്കാരും അതിനോടനുബന്ധിച്ച് ജീവിക്കുന്ന 30 ലക്ഷത്തോളം തൊഴിലാളികൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക നഷ്ടം ഒരു ചെറിയ നിയമംമൂലമാണ്. റബ്ബർ ഉരുളൻ തടി കേരളത്തിന്റെ പുറത്തേയ്ക്ക് കൊണ്ടുപോകാൻ കഴിയുന്നില്ല. കാരണം അത് പാഴ്തടിയുടെ ലിസ്റ്റിൽപ്പെടുത്തിയിരിക്കുകയാണ്. ഇപ്പോൾ സംഭവിച്ചിരിക്കുന്നത് 700- ഓളം വരുന്ന സാ മില്ലുകളുടെ നിർബന്ധത്തിനു വഴങ്ങി 30 ലക്ഷത്തോളം ആളുകളെ ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്. ഒരു ലോഡ് റബ്ബർ തടി തമിഴ്നാട്ടിലേയ്ക്ക് കൊണ്ടുപോകുംമ്പോൾ 10,000 രൂപയുടെ നഷ്ടമാണ് വരുന്നത് ; കേരളത്തിലെ 10 ലക്ഷത്തോളം വരുന്ന റബ്ബർ കൃഷിക്കാർക്കാണ് ഇതുമൂലം നഷ്ടം വരുന്നത്. ഈ തടി 4 വശവും ചെറുതായൊന്ന് കണ്ടിച്ചാൽ തമിഴ്നാട്ടിലേയ്ക്ക് കൊണ്ടുപോകാൻ കഴിയും. കേരള സർക്കാരിന് ടാക്സായി കിട്ടേണ്ട തുക കിട്ടുന്നില്ല. വെറും 700-ഓളം ആളുകൾക്കുവേണ്ടി കേരളത്തിലെ 10 ലക്ഷത്തോളം റബ്ബർ കൃഷിക്കാർക്ക് ഇത്രമാത്രം ഭീമമായ നഷ്ടവും സർക്കാർ ഖജനാവിലേയ്ക്ക് വരേണ്ട പണവും വെറുതെ നഷ്ടപ്പെടുത്തുന്ന ഈ നിയമം ആരുണ്ടാക്കിയതാണെങ്കിലും അത് അംഗീകരിക്കാൻ പറ്റുകയില്ല. അതുകൊണ്ട് എത്രയും വേഗം ഈ നിയമം മാറ്റി റബ്ബർ ഉരുളൻ തടി തമിഴ്നാട്ടിലേയ്ക്കും മറ്റ് സംസ്ഥാനത്തേയ്ക്കും കൊണ്ടുപോകാനുള്ള അനുവാദം നൽകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, കേരള പൊതു വിൽപ്പന നികുതി നിയമപ്രകാരം തടികൾ 5-ാം പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതായത് വിൽപ്പനയുടെ 1-ാം ഘട്ടത്തിലും അവസാന ഘട്ടത്തിലും നികുതി ബാദ്ധ്യതയുണ്ട്. 1-ാം ഘട്ടത്തിൽ 10 ശതമാനവും പിന്നെ 2 ശതമാനവും കൊടുക്കണം. ഇത് ഒരു കേസുമായി ബന്ധപ്പെട്ടാണ് റബ്ബർ മരങ്ങൾ ടിംബറിൽ ഉൾപ്പെടുത്തപ്പെട്ടത്. ഇന്ന് നിലവിലുള്ള നിയമത്തിൽ നിന്നും മാറ്റം വരുത്തണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. ഇത് വളരെ ആലോചിച്ച് ചെയ്യേണ്ട ഒരു കാര്യമാണ്. ഇന്നുള്ളതിൽനിന്നും മാറ്റം വരുത്തണമോ എന്ന് ആലോചിച്ച് പിന്നീട് അതിന് ഒരു തീരുമാനം എടുക്കാം.

(5) കടയ്ക്കലിൽ സി.എം.പി. നേതാവ് പ്രവീൺദാസിന്റെ ദാരുണമായ കൊലപാതകം

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : സർ, ഞാൻ ഇന്നലെ തന്ന ഒരു സബ്മിഷനാണ്. ഇന്നലെ അനുവാദം ലഭിക്കാത്തതിലുള്ള ഖേദം ആമുഖമായി രേഖപ്പെടുത്തുന്നു. ഈ സംസ്ഥാനത്തെ നടുക്കിയ അതിക്രൂരമായ, പൈശാചികമായ, ഭീകരമായ രാഷ്ട്രീയ കൊലപാതകം ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ കടയ്ക്കലിൽ സി.എം.പി.യുടെ ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly

കൗൺസിൽ അംഗം ശ്രീ. പ്രവീൺ ദാസിനെ അദ്ദേഹം യാത്ര ചെയ്തിരുന്ന ബൈക്കിൽ ജീപ്പ് ഇടിച്ച് അവിടെനിന്നും അദ്ദേഹം രക്ഷപ്പെട്ട് ഓടി അടുത്തുള്ള വീട്ടിൽ കയറിയപ്പോൾ കൈക്കോടാലിയും വടിവാളും ഉപയോഗിച്ച് അതിക്രൂരമായി വെട്ടി കൊലപ്പെടുത്തിയിരിക്കുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്) യുടെ ഏരിയാ കമ്മിറ്റി സെക്രട്ടറിയുടെ നേതൃത്വത്തിലാണ് കൊലപാതകം നടന്നത്. ശ്രീ. ബി. വി. ചെറിയാൻ പ്രസംഗിച്ചുകൊണ്ടിരുന്ന അവസരത്തിൽ അദ്ദേഹത്തെ കസേര എറിഞ്ഞത് മാർക്സിസ്റ്റ് പാർട്ടിയുടെ ജില്ലാ കമ്മിറ്റി അംഗത്തിന്റെ നേതൃത്വത്തിലായിരുന്നു. ആ ജീപ്പ് കണ്ടെത്താനും യഥാർത്ഥ പ്രതികളെ കണ്ടെത്താനും കഴിയണം. ഇതിന്റെ മാരകായുധങ്ങൾ പിടിച്ചത് മാർക്സിസ്റ്റ് പാർട്ടിയുടെ ഓഫീസിൽനിന്നുമായിരുന്നു. ആ പ്രദേശത്ത് ഇന്ന് വളരെ ഭീതിജനകമായ സാഹചര്യം നിലനിൽക്കുന്നു. അതിനാൽ അടിയന്തിരമായി ആ പ്രദേശത്തെ ജനങ്ങളുടെ സൈരജീവിതം ഉറപ്പുവരുത്താൻ സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകൻമാർക്ക് യഥേഷ്ടം രാഷ്ട്രീയ പ്രവർത്തനം നടത്താൻ, പര്യാപ്തമായ നിലയിൽ ഈ അറുംകൊലയെ സംബന്ധിച്ചുള്ള പ്രതികളെ കണ്ടത്തണം. മാതൃകാപരമായി നീതിയുടെ മുന്നിൽ, നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് ശക്തമായ നടപടികളും സ്വീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, കൊല്ലം കടയ്ക്കൽ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ആനപ്പാറ ഇലക്ട്രിസിറ്റി ഓഫീസിനു സമീപം വച്ച് 29-6-2003ന് രാവിലെ 7.30-ന് കടയ്ക്കൽ ആറ്റുപുറംകാര്യം ലോട്ടസ് ഹൗസിൽ പ്രവീൺദാസ്, കടയ്ക്കൽ മുൻ പഞ്ചായത്ത് പ്രസിഡന്റ് സായിദാസിനെ പുറകിലിരുത്തി മോട്ടോർ ബൈക്കിൽ സഞ്ചരിച്ചു വരവെ നമ്പർ പ്ലേറ്റ് മറച്ചുവച്ചിരുന്ന ഒരു ജീപ്പുകൊണ്ടിടിക്കാൻ ശ്രമിച്ചു. ബൈക്ക് ഇടവഴിയിലേയ്ക്ക് ഓടിച്ച് രക്ഷപ്പെടാൻ ശ്രമിക്കവെ അത് മറിയുകയും പ്രവീൺദാസും സായിദാസും ഇറങ്ങിയോടുകയും ചെയ്തു. പ്രവീൺദാസ് അടുത്തുള്ള യശോദയുടെ വീട്ടിൽ ഓടിക്കയറി. ഒപ്പം ചുവന്ന തുണികൊണ്ട് മുഖം മറച്ച കുറച്ച് ആളുകൾ പ്രവീൺ ദാസിനെ വീട്ടിന്റെ മുറിയിൽവച്ച് വെട്ടി പരിക്കേൽപ്പിച്ചു. ബഹളംകേട്ട് ഓടിവന്ന അയൽവാസികളെ വിരട്ടിയോടിച്ചു. ഗുരുതരമായി പരിക്കേറ്റ പ്രവീൺദാസിനെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയ്ക്കായി കൊണ്ടുപോകവെ മരണപ്പെട്ടു. സായീദാസിന് ഈ സംഭവത്തിൽ പരിക്കൊന്നും പറ്റിയിട്ടില്ല. കടയ്ക്കൽ പോലീസ് സ്റ്റേഷനിൽ ക്രൈം 25403,143,147,148,450,302,149 ഐ.പി.സി. പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്ത് പുനലൂർ ഡിവൈ.എസ്.പി.യുടേയും കടയ്ക്കൽ പോലീസ് സർക്കിൾ ഇൻസ്പെക്ടറുടേയും നേതൃത്വത്തിൽ ഇതിനെക്കുറിച്ച് അന്വേഷിച്ചുവരുന്നു. കൊല്ലപ്പെട്ട പ്രവീൺദാസിന്റെ മൃതശരീരം തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രിയിൽ പോസ്റ്റുമോർട്ടം നടത്തിയശേഷം വീട്ടുവളപ്പിൽ സംസ്ക്കരിച്ചു. അടുത്തകാലത്ത് സി.പി.ഐ.(എം)-ൽ നിന്നും മാറി സി.എം.പി.യിൽ ചേർന്ന് പ്രവർത്തിക്കുന്നതുകൊണ്ടുള്ള രാഷ്ട്രീയ വിരോധമാണ്

LIBRARY ARCHIVES Kerala Legislative Assembly

ഈ സംഭവത്തിന് കാരണമെന്ന് അറിയുന്നു. ഈ കേസിലെ 14 പ്രതികളിൽ 3 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രതികൾ സി.പി.ഐ.(എം) പ്രവർത്തകരാണ്. സ്ഥലത്ത് ശക്തമായ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(6) ശിശുക്ഷേമ സമിതിയുടെ ബഡ്ജറ്റിനുള്ള അനുമതി

ശ്രീ. വി. കെ. ചന്ദ്രൻ : സർ, കേരള ശിശുക്ഷേമ സമിതിയുടെ ബഡ്ജറ്റ് ജൂൺ 30-നകം അംഗീകരിക്കാത്തതുകൊണ്ട് സമിതിയുടെ പ്രവർത്തനം തന്നെ സ്തംഭിച്ചിരിക്കുകയാണ്. 70 ക്രഷുകളിൽ തിരുവനന്തപുരത്ത് 2000 കുട്ടികളും മലപ്പുറത്തുള്ള 2 ദത്തെടുക്കൽ കേന്ദ്രത്തിൽ 43 കുട്ടികളും ഇപ്പോൾ പട്ടിണിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് സംസ്ഥാന ഗവൺമെന്റിന്റെ യാതൊരുവിധ സമ്പത്തികസഹായവും ഇല്ല. കേന്ദ്ര ഗവൺമെന്റ് നൽകുന്ന സഹായം, അംഗൻവാടി ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനത്തിനും ദത്തെടുക്കലിനുംവേണ്ടി കേന്ദ്രഗവൺമെന്റ് നൽകുന്ന സഹായവും ശിശുക്ഷേമ സമിതിയുടെ സ്റ്റാംപ് വിതരണവുമാണ് ഇതിൽ ആകെ വരുമാനം. മറ്റു ചിലയാളുകൾ നൽകുന്ന സമ്പത്തിക സഹായവും ഉണ്ട്. ഇതിൽ അമിതമായ നിയന്ത്രണം ഗവൺമെന്റ് അടിച്ചേൽപ്പിക്കുകയാണ്. ദത്തെടുക്കുന്നതിനും അംഗൻവാടികളുടെ പരിശീലനത്തിനും കേന്ദ്രസർക്കാർ നൽകുന്ന സഹായവും ശിശുക്ഷേമ സമിതിയുടെ സഹായവും ഇപ്പോൾ മുടങ്ങിയിരിക്കുകയാണ്. 50 ലക്ഷം രൂപയാണ് 2000 വരെ ശിശുക്ഷേമ സമിതിയുടെ സ്റ്റാംപു വിൽപ്പനയിലൂടെ ലഭ്യമായിരുന്നത്. 2001-ൽ അത് 30 ലക്ഷം രൂപയായി. 2002-ൽ സ്റ്റാംപുതന്നെ അടിച്ചിറക്കാൻ അനുവാദം കൊടുത്തില്ല. ഇപ്പോൾ ആ രൂപത്തിൽ പണം കിട്ടാത്തതുകൊണ്ട് ഇതിന്റെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. ഈ കുട്ടികളോട് വിരോധമുണ്ടാകേണ്ട കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കില്ല. സ്ത്രീകളോടും കുട്ടികളോടും വിരോധമുണ്ടാക്കിയിട്ട് ഒരു നേട്ടവുമില്ല. അതുകൊണ്ട് ബഡ്ജറ്റ് പാസ്സാക്കിത്തരണമെന്നും ഇതിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് നടപടിയുണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : സർ, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇതുസംബന്ധിച്ച് ഒരു യോഗം ചേർന്നിരുന്നു. ഇവിടെ പറഞ്ഞതുപോലെ അവിടെ ചില പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങളെ സംബന്ധിച്ചും ചെലവുകളെ സംബന്ധിച്ചും ഒക്കെ യോഗം കൂടിയപ്പോൾ ചില കാര്യങ്ങൾ വന്നിട്ടുണ്ട്. അവരുമായിട്ട് ചർച്ച ചെയ്തു വരികയാണ്. ചർച്ച ചെയ്തിട്ട് അതിന്റെ അക്കൗണ്ടിംഗും മറ്റു കാര്യങ്ങളുമൊക്കെ ക്ലിയറായി പ്രവർത്തിക്കാൻവേണ്ട സപ്പോർട്ട് കൊടുക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് വിരോധമൊന്നുമില്ല. അവരുമായി ചർച്ച ചെയ്തുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly